"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി) - ഔഷധി ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.534/2022/AYUSH    തീയതി,തിരുവനന്തപുരം, 24-11-2022

പരാമർശം:-
1. 18.08.2021 ലെ സ.ഉ (സാധാ) നം. 311/2021-ആയുഷ് നമ്പർ ഉത്തരവ്
2. 18.08.2021 ലെ ഔഷധി ഭരണസമിതി യോഗ തീരുമാനം
3. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 19.08.2021 ലെ ഇ1-51/2021 നമ്പർ കത്ത്

ഉത്തരവ്

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ എം) കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് ബോണസ്/ എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻ വർഷത്തിൽ നൽകിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (23.11.2022 ലെ ഇനം നം 1191 പ്രകാരം)
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Baiju G
Date: 25-11-2022 10:38:51
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പി എസിന്
ബഹു. ആരോഗ്യവും വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ പി എസിന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 23-11-2022

ഫയൽ നം. എ2/215/2021/ആയുഷ്. ഇനം നം: 1191

വിഷയം : ആയുഷ് വകുപ്പ് - ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻവർഷത്തിൽ നൽകിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/215/2021/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ്-ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.)കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻവർഷത്തിൽ നൽകിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.11.2022 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ (കമ്പനി വഹിക്കുന്നതാണ്) |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.11.2022 |
| 10.കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.11.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.11.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 19.11.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് ബോണസ് /എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻവർഷത്തിൽ നല്കിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം

2) ഓണത്തിന് മുന്നോടിയായി ഔഷധിയിലെ ജീവനക്കാർക്ക് ബോണസ്, എക്സ്ഗ്രേഷ്യ അനുവദിക്കേണ്ടതുള്ളതിനാൽ, ബഹു.പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രിയുടെയും ബഹു. ആരോഗ്യവും വനിത- ശിശു വികസനവും വകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ 14/08/2021 നു നടത്തിയ ത്രികക്ഷി ചർച്ചയിലെ തീരുമാന പ്രകാരം 2021 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ, മറ്റു ആനുകൂല്യങ്ങൾ എന്നിവ മന്ത്രിസഭയുടെ സാധൂകരണത്തിനു വിധേയമായി അനുവദിച്ചു നൽകാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. ആരോഗ്യവും വനിത- ശിശു വികസനവും വകുപ്പ് മന്ത്രി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ കഴിഞ്ഞ വർഷം നൽകിയത് അനുവദിക്കുന്നതിനും മറ്റു കാര്യങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18/08/2021 -ലെ ജി.ഒ.(ആർ.റ്റി)311/2021/ആയുഷ് നം. ഉത്തരവ് പ്രകാരം ഔഷധി ജീവനക്കാർക്ക് 2020-21 വർഷത്തിൽ മുൻ വർഷം അനുവദിച്ചത് പ്രകാരമുള്ള ബോണസ്/എക്സ്ഗ്രേഷ്യ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) എന്നാൽ ഔഷധി മാനേജിംഗ് ഡയറക്ടർ, 14.08.2021 തീയതിയിൽ നടന്ന് ത്രികക്ഷി ചർച്ചയിലെ തീരുമാന പ്രകാരമുള്ള ആനുകൂല്യങ്ങളുടെ വിതരണം സർക്കാർ അംഗീകാരം ലഭിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കും എന്ന വ്യവസ്ഥയോടെ ജീവനക്കാർക്ക് നൽകിയിരുന്നു. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ബോണസ് , എക്സ്ഗ്രേഷ്യ വിതരണം ചെയ്യുതിനുള്ള വിശദീകരണം ഔഷധി മാനേജിംഗ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

4) ബഹു.ആരോഗ്യ-വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടേയും ബഹു.പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ത്രികക്ഷി ചർച്ചയിലെ തീരുമാന പ്രകാരം ഒപ്പുവച്ച ഫോറം- H-ന്റേയും, ഔഷധി ഭരണസമിതി തീരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് ഔഷധി ജീവനക്കാരുടെ 2020-21 വർഷത്തെ

ബോണസ് എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങളുടെ വിതരണം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം, ത്രികക്ഷി ചർച്ചയിലെ തീരുമാനപ്രകാരം വിതരണം ചെയ്യുന്ന അധിക ആനുകൂല്യങ്ങൾ സർക്കാർ അംഗീകാരം ലഭിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കും എന്ന വ്യവസ്ഥയോടെ, ആയത് ജീവനക്കാരെ രേഖാമൂലം അറിയിച്ചാണ് നടത്തിയിട്ടുള്ളതെന്ന് മാനേജിംഗ് ഡയറക്ടർ വിശദീകരണം നൽകുകയുണ്ടായി.

5) ബഹു.മന്ത്രിമാരുടെ സാന്നിധ്യത്തിൽ നടന്ന ത്രികക്ഷിചർച്ചയുടെ തീരുമാനപ്രകാരം 18.08.2021 ന് മുമ്പായി ബോണസ്/ എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങളുടെ വിതരണം പൂർത്തിയാക്കേണ്ടതുണ്ടായിരുന്നുവെന്നും 2021 വർഷത്തെ ഓണം 20.08.2021 തീയതിയിലായിരുന്നുവെന്നും ചർച്ച ചെയ്ത് തീരുമാനിച്ച ആനുകൂല്യങ്ങളുടെ വിതരണത്തിനായി ഏതാനും ദിവസങ്ങൾ മാത്രമാണ് അവശേഷിച്ചിരുന്നതെന്നും കൂടാതെ, വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ സ്ഥാപനത്തിലെ 900-ത്തോളം വരുന്ന സ്ഥിരം / താൽക്കാലിക വിഭാഗം ജീവനക്കാർക്ക് ബോണസ്/ എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ തയ്യാറാക്കി വിതരണം നടത്തേണ്ട അടിയന്തര സാഹചര്യവും നിലനിന്നിരുന്നുവെന്നും അറിയിച്ചിരുന്നു. ത്രികക്ഷിചർച്ചയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആനുകൂല്യങ്ങളുടെ വിതരണം സമയബന്ധിതമായി നടത്തുവാൻ സാധിക്കാതിരുന്നാൽ, ആയത് യൂണിയനുകളുടെ ഭാഗത്തുനിന്ന് കടുത്ത പ്രതിഷേധം ഉണ്ടാകുന്നതിന് ഇടയാക്കുമായിരുന്നതിനാൽ ഒരു ആയുർവേദ മരുന്നു നിർമ്മാണ സ്ഥാപനമെന്ന നിലയിൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം കണക്കിലെടുത്ത് ടി സാഹചര്യം ഒഴിവാക്കേണ്ടതും ആവശ്യമായിരുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഔഷധി ഭരണസമിതി യോഗം ത്രികക്ഷി ചർച്ചയിലെ തീരുമാന പ്രകാരമുള്ള ആനുകൂല്യങ്ങളുടെ വിതരണം സർക്കാർ അംഗീകാരം ലഭിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കും എന്ന വ്യവസ്ഥയോടെ പൂർത്തിയാക്കിയിട്ടുള്ളതെന്നും 2020-21 ൽ 1.37 കോടി രൂപയോളം വരുന്ന ബോണസ്/എക്സ്ഗ്രേഷ്യ സംബന്ധിച്ച ആനുകൂല്യങ്ങൾ ആണ് ജീവനക്കാർക്കിടയിൽ വിതരണം ചെയ്തിട്ടുള്ളതെന്നും ഇതുകൂടാതെ 7500/- രൂപ ഓണം അഡ്വാൻസായും നൽകിയിട്ടുണ്ടെന്നും ആയത് തുല്യ ഗഡുക്കളായി ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഔഷധി ലാഭത്തിൽ പ്രവർത്തിക്കുന്നതിനാലും കഴിഞ്ഞവർഷം Allocable Surplus 5.67 കോടി രൂപ ലഭ്യമായിരുന്നു

എന്നതിനാലും മേൽതുക നൽകിയത് ഔഷധിക്ക് ബാധ്യതയായിരുന്നില്ലെന്നും ടി നടപടി സാധൂകരിച്ച് നൽകണമെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

6) 2019-20, 2020-21 വർഷങ്ങളിൽ ഔഷധിയിലെ ജീവനക്കാർക്ക് അനുവദിച്ച ബോണസ് /എക്സ്ഗ്രേഷ്യ എന്നിവ സംബന്ധിച്ച ഔഷധി മാനേജിംഗ് ഡയറക്ടർ നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | B<br>2019 - 2020 | A<br>2020 - 2021<br>(14.08.2021 ലെ ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ചത്) | വർദ്ധനവ് (A-B) |
|---|---|---|---|
| ബോണസ്<br>(ബോണസ് നിയമത്തിന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്ക്) | 20% | 20% | |
| എക്സ്ഗ്രേഷ്യ<br>1. ബോണസ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥിരജീവനക്കാർക്ക്<br>2.ബോണസ് നിയമത്തിന്റെ പരിധിക്ക് പുറത്ത് വരുന്ന ജീവനക്കാർക്ക് | അനുവദിച്ചിട്ടില്ല<br>15000/- | 2000/-<br>17000/- | 2000/-<br>2000/- |
| ബോണസ് പരിധിയിൽ വരാത്ത സ്ഥിര ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിൽ പ്രത്യേക ഉത്സവബത്ത | 2750/- | 2750/- | 0 |
| സ്പെഷ്യൽ ഉത്സവബത്ത<br>1. അപ്രന്റീസ്<br>2. പ്ലാന്റേഷൻ വർക്കർ | 7500/- | 9500/- | 2000/- |
| കുടുംബശ്രീ ജീവനക്കാർക്ക് സ്പെഷ്യൽ ഉത്സവബത്ത | 4000/- | 6000/- | 2000/- |
| സ്ഥിരജീവനക്കാർക്ക് നൽകുന്ന തിരിച്ചുപിടിക്കുന്ന അഡ്വാൻസ് | 5000/- | 7500/- | 2500/- |

7) ഔഷധി ജീവനക്കാർക്ക് ബോണസ് എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻവർഷം നൽകിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ നടപടി സാധൂകരിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രി, ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

ഔഷധി ജീവനക്കാർക്ക് ബോണസ് /എക്സ്ഗ്രേഷ്യ ഇനത്തിൽ മുൻവർഷത്തിൽ നല്കിയതിനേക്കാൾ അധിക ആനുകൂല്യങ്ങൾ 2020-21 വർഷത്തിൽ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?